# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

## (സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ)

(ഹാജർ.ശ്രീമതി.അനുപമ റ്റി.വി. ഐ.എ.എസ്., വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി, SCPS)

വിഷയം : വനിത ശിശുവികസന വകുപ്പ് - ഐ.സി.പി.എസ് - ഓ.ആർ.സി. - ഓ.ആർ.സി.യുടെ ഭാഗമായി ജില്ലാതല കപ്പാസിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിനുള്ള അനുമതിയും ആയതിനുള്ള തുകയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പരാമർശം : 1. 17.05.2021 ലെ സർക്കാർ ഉത്തരവ് നമ്പർ. G.O.(Rt) No.314/2021/SJD

## ഉത്തരവ് നമ്പർ ICPS 4(C)/1635/21 തീയതി : 01.06.2021

ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി.) പദ്ധതിയ്ക്ക് ഈ അദ്ധ്യയന വർഷം വിവിധ വെല്ലുവിളികളനുഭവിക്കുന്ന കുട്ടികൾക്ക് ശാസ്ത്രീയ ഇടപെടലുകൾ ഉറപ്പാക്കുന്നതിൻെറ ഭാഗമായി അവരുമായി ബന്ധപ്പെട്ടിരിക്കുന്ന വിവിധ തലങ്ങളിൽ ഏകോപനം സാധ്യമാക്കേണ്ടതും പരിശീലനം സംഘടിപ്പിക്കേണ്ടതുമുണ്ട്. മേൽ പരാമർശം പ്രകാരം ഓ.ആർ.സി.ക്ക് 2021-22 സാമ്പത്തിക വർഷത്തിൽ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

ഓ.ആർ.സി. സ്കൂളുകളിലെ ക്ലാസ് ടീച്ചർമാർ നോഡൽ ടീച്ചർമാർ, കൗൺസിലർമാർ തുടങ്ങിയവർക്കായുള്ള പരിശീലനവും കൂടാതെ കുട്ടികൾക്കിടയിലെ ആത്മഹത്യാ പ്രവണത വർദ്ധിക്കുന്ന സാഹചര്യത്തിൽ ഓരോ സ്കൂളിലും മെന്റർ/പിയർ മെന്റർ, എന്നിവർക്കുള്ള പരിശീലനവും നൽകേണ്ടതുണ്ട്. നിലവിൽ കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ , പാരന്റിംഗ് എന്നിവ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കേണ്ടതുണ്ട്. ആയതിനായി കപ്പാസിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം എന്ന കമ്പോണന്റിൽ നിന്നും ചുവടെ ചേർക്കും പ്രകാരം തുക അനുവദിക്കേണ്ടതുണ്ട്.

| ക്രമ നമ്പർ | അനുവദിക്കേണ്ട ജില്ല | അനുവദിക്കേണ്ട തുക |
|---|---|---|
| 1 | തിരുവനന്തപുരം | 50,000/- |
| 2 | കൊല്ലം | 50,000/- |
| 3 | പത്തനംതിട്ട | 50,000/- |
| 4 | ആലപ്പുഴ | 50,000/- |
| 5 | കോട്ടയം | 50,000/- |
| 6 | ഇടുക്കി | 50,000/- |
| 7 | എറണാകുളം | 50,000/- |
| 8 | തൃശ്ശൂർ | 50,000/- |
| 9 | പാലക്കാട് | 50,000/- |
| 10 | മലപ്പുറം | 50,000/- |
| 11 | കോഴിക്കോട് | 50,000/- |
| 12 | വയനാട് | 50,000/- |
| 13 | കണ്ണൂർ | 50,000/- |
| 14 | കാസർകോഡ് | 50,000/- |
| | ആകെ തുക | **7,00,000/-** |

ടി സാഹചര്യത്തിൽ ഓ.ആർ.സി. യുടെ കപ്പാസിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം മേൽ പട്ടിക പ്രകാരം സംഘടിപ്പിയ്ക്കുന്നതിനുള്ള അനുമതി നൽകി കൊണ്ടും ഒരു ജില്ലയ്ക്ക് 50,000/- രൂപ വീതം 14 ജില്ലകൾക്കും കൂടി ആകെ **7,00,000/-** രൂപ ( ഏഴ് ലക്ഷം രൂപ മാത്രം) **2021 - 2022** ഓ.ആർ.സി.യുടെ ശീർഷകമായ **2235 – 02 – 102 – 36 (P) 01** ലെ **കപ്പാസിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം** എന്ന കംപോണന്റിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. ടി തുക അതാതു വനിത ശിശു വികസന ഓഫീസർ മുഖാന്തിരം അതാതു ഡി.സി.പി.ഒ. മാർക്ക് അലോട്ട്മെന്റായി നൽകേണ്ടതാണ്.

ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ കപ്പാസിറ്റി ഡെവലപ്പ്മെന്റ് ഇനത്തിൽ പ്രോഗ്രാമുകൾ സമയബന്ധിതമായി പൂർത്തിയാക്കി ആയതിന്റെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന വകുപ്പ് ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി,SCPS**

പകർപ്പ്:

1. **എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും**
2. **എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും.**
3. **സൂപ്രണ്ട് എ സെഷൻ, വനിത ശിശു വികസന ഡയറക്ടറേറ്റ്,**
4. ICPS 4
5. സ്റ്റോക്ക്ഫയൽ
6. വെബ്സൈറ്റ്

**ഉത്തരവിൻ പ്രകാരം**

**പ്രോഗ്രാം മാനേജർ**